# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)

## സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 07/2022

## 16.10.2022 ഓൺലൈൻ യോഗം

### മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്
3. സംസ്ഥാന പ്രവർത്തക ക്യാമ്പ്
4. ഐഫെക്ടോ - പ്രക്ഷോഭം
5. ആവശ്യമായ മറ്റ് കാര്യങ്ങൾ

**ഹാജർ**

ഡോ. പി .പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ.എൻ.മനോജ്, ഡോ. ഗീതാനമ്പിയാർ എം. കെ., സന്തോഷ് ടി. വർഗ്ഗീസ്, രഘുദാസ് പി. വി., ഡോ. വിനു ഭാസ്കർ, ഡോ. എം. എസ്. മുരളി, ശശി സി. ടി., ഡോ. സുനിൽ വി. ടി., ഡോ. ഷീബ ദിവാകരൻ, ഡോ. ടി. എ. ആനന്ദ്, ഡോ. മാണിക്യരാജ് കെ., ഡോ. ഷജില ബീവി, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. രഞ്ജിത് മോഹൻ പി., അനൂപ് ജെ. ആലക്കപ്പള്ളളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., ഡോ. സുശാന്ത് പി., ഡോ. ദിനേശ് പി. കെ., ആസിഫ് ഇക്ബാൽ കാക്കശ്ശേരി., ഡോ. സെനോ ജോസ്, ഡോ. പ്രിൻസ് പി.ആർ, ഡോ. മഞ്ചുള കെ. വി, ഡോ. ഷാനവാസ് പി.എച്ച്, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. പ്രദീപ് കുമാർ, ഡോ. ജോജോമോൻ എൻ. എ., ഡോ. രാജു കെ. ആർ, ഡോ. സഞ്ജയ് എസ്. എസ്, ഡോ. ജിനീഷ് പി. എസ്, ഡോ. സജിത്. എം, സോബിൻ വർഗ്ഗീസ്, ഡോ. സുജ ടി. വി സൗമ്യ. എസ്, ഡോ. സുനിതാ ഗണേഷ്, ഡോ. വിഷ്ണു വി. എസ്. ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. ഗായത്രിദേവി ജി.

രാവിലെ 10ന് ഓൺലൈനായി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. പി.പി.പ്രകാശൻ അധ്യക്ഷത വഹിച്ചു, സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീക്ക് ടി. റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ഡോ. എൻ. മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

സി.പി.ഐ.(എം) പോളിറ്റ് ബ്യൂറോ അംഗം, മുൻ സംസ്ഥാന സെക്രട്ടറി, മുൻ ആഭ്യന്തര മന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ച സഖാവ് കോടിയേരി ബാലകൃഷ്ണന്റെ വേർപാട് കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിനും രാജ്യത്തെ പുരോഗമന പ്രസ്ഥാനങ്ങൾക്കും, വർഗ ബഹുജന സംഘടനകൾക്കും, പാവപ്പെട്ട ജനവിഭാഗത്തിനും തീരാനഷ്ടമാണ്. സംഘടനയുടെ നിരവധി പോരാട്ടങ്ങളിൽ കരുത്ത് പകർന്ന നേതാവ് നമ്മുടെ സർവീസ് വിഷയങ്ങളിലും പല നിർണായകമായ ഇടപെടലുകളും നടത്തിയിട്ടുണ്ട്. പ്രിയ സഖാവിന്റെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തകസമിതിയോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ,

സംസ്ഥാന പ്രവർത്തക ക്യാമ്പ്, ഐഫെക്ടോ ദേശീയ പ്രക്ഷോഭം എന്നീ രണ്ട് വിഷയങ്ങളിൽ അടിയന്തിരമായി തീരുമാനമെടുക്കേണ്ട സാഹചര്യം ഉള്ളതുകൊണ്ടാണ് ഓൺലൈനായി യോഗം ചേരുന്നത്. ആയതിനാൽ മറ്റ് പ്രധാന വിഷയങ്ങൾ എല്ലാം പിന്നീട് ചേരുന്ന പ്രവർത്തക സമിതി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. പ്രിൻസിപ്പൽ നിയമനം എത്രയും വേഗം നടത്തുവാൻ വേണ്ട ഇടപെടൽ നടത്തിവരുന്നു. ഷോർട്ട് ടേം കോഴ്സുകൾ, സർക്കാർ

കോളേജുകളിലെ ഗവേഷണ കേന്ദ്രങ്ങളുടെ ജേണലുകൾ അംഗീകരിക്കൽ എന്നിവയിൽ അനുകൂല ഉത്തരവ് ഇറങ്ങിയാൽ ഈ വിഷയം ഗുണകരമായി പരിഹരിക്കാൻ സാധിക്കും എന്നാണ് കരുതുന്നത്. അധ്യാപകരുടെ 6000-7000 പ്ലെയിസ്മെന്റുകൾ ഇരുനൂറോളം ഉത്തരവുകൾ താമസിയാതെ ഇറങ്ങുന്നതാണ്. പുതുതായി പ്ലെയിസ്മെന്റിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള സർക്കുലർ താമസിയാതെ കോളേജ് വിദ്യാഭ്യാസവകുപ്പ് ഇറക്കുന്നതാണ്. മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തിവരുന്നു.ഡി.എ വിഷയത്തിൽ സജീവ ഇടപെടൽ നടത്തിവരുന്നു. അറബിക് അധ്യാപകരുടെ സർവീസ് വിഷയം ഉടൻ പരിഹരിക്കപ്പെടുമെന്നാണ് കരുതുന്നത്. എസ്.സി/ എസ്.ടി വിഭാഗത്തിൽ വരുന്ന കുട്ടികളുടെ സ്റ്റൈപെൻഡ് വിഷയത്തിൽ വേണ്ട ഇടപെടൽ നടത്തിവരുന്നു. ശബള പരിഷ്കരണവുമായി ബന്ധപ്പെട്ട കേന്ദ്ര കുടിശിക, ആർ.സി., ഓ.സി. എക്സെമ്ഷൻ, പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ്, രാജ്യത്തെ സർവകലാശാല കോളേജ് അധ്യാപകരുടെ പെൻഷൻ പ്രായം ഏകീകരിക്കൽ തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ച് കൊണ്ട് ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ നവംബർ 16, 17, 18 തീയ്യതികളിൽ ഡെൽഹിയിൽ നടക്കാൻ പോകുന്ന യു.ജി.സി ഓഫീസ് ഉപരോധത്തിൽ സംഘടനയെ പ്രതിനിധീകരിച്ച് 20 പേർ പങ്കെടുക്കുന്നുണ്ട് ഇതിന്റെ ഭാഗമായിട്ടുള്ള പ്രക്ഷോഭ ഫണ്ട് സമാഹരണം, വയനാട്ടിൽ വെച്ച് നടക്കുന്ന സംസ്ഥാന പ്രവർത്തക ക്യാമ്പിന്റെ നടത്തിപ്പ് കാര്യത്തിലും ഇന്ന് വിശദമായ ചർച്ചയും തീരുമാനവുമെടുക്കേണ്ടതുണ്ട്.

ജനറൽ സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിന്മേലും മറ്റ് വിഷയങ്ങളിലും സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. ഡി.എ., മ്യൂസിക് കോളേജ് അധ്യാപകരുടെ യു.ജി.സി, അറബിക് അധ്യാപകരുടെ സർവ്വീസ് വിഷയം എന്നിവയിൽ വീണ്ടും ആവശ്യമായ ഇടപെടൽ നടത്തും.
2. ഫിസിക്കൽ എഡ്യുക്കേഷൻ വിദ്യാർത്ഥികളുടെ അലവൻസ് വർദ്ധിപ്പിക്കുന്ന വിഷയത്തിൽ ഗൗരവമായ ഇടപെടൽ നടത്തും.
3. ഈ വർഷത്തെ സംസ്ഥാന പ്രവർത്തക ക്യാമ്പ് നവംബർ 12,13 തിയ്യതികളിൽ സുൽത്താൻ ബത്തേരി ശ്രേയസ് ട്രെയിനിംഗ് & റിസേർച്ച് സെന്ററിൽ വെച്ച് നടത്താൻ തീരുമാനിച്ചു.
4. ക്യാമ്പിന്റെ സുഗമായ നടത്തിപ്പിനായി ജില്ലയിൽ നിന്നും സംസ്ഥാന പ്രവർത്തസമിതി അംഗങ്ങൾ ഉൾപ്പെടെ താഴെ സൂചിപ്പിക്കുന്ന പ്രകാരം പ്രാതിനിധ്യം നിജപ്പെടുത്തേണ്ടതാണ്.

| | | |
|---|---|---|
| തിരുവനന്തപുരം-45 | എറണാകുളം-25 | കോഴിക്കോട്-35 |
| കൊല്ലം-15 | തൃശ്ശൂർ-15 | കണ്ണൂർ-25 |
| ഇടുക്കി-10 | മലപ്പുറം-20 | കാസർഗോഡ്-20 |
| കോട്ടയം-15 | പാലക്കാട്-25 | |

5. നവംബർ 16,17,18 തീയ്യതികളിൽ ഡൽഹിയിൽ നടക്കുന്ന യു.ജി.സി ഓഫീസ് ഉപരോധത്തിന്റെ ഭാഗമായുള്ള പ്രക്ഷോഭ ഫണ്ട് സമാഹരണം ഒക്ടോബർ 27ന് എല്ലാ യൂണിറ്റുകളിലും വിപുലമായ രീതിയിൽ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.
6. സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി ഒക്ടോബർ 20ന് എല്ലാ യൂണിറ്റുകളിലും ബോർഡുകൾ വെക്കാൻ തീരുമാനിച്ചു.

യോഗം ഉച്ചക്ക് 12.00ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
16-10-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി